**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4281** **06-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താൻ നടപടി .**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ നൽകിയിരുന്ന ഡെഫിസിറ്റ് ഗ്രാന്റും ജി.എസ്.ടി. നഷ്ട പരിഹാര തുകയും ഇനി ലഭിക്കാത്ത സാഹചര്യം കണക്കിലെടുത്ത് ജനങ്ങളുടെ മേൽ അധിക നികുതി ഭാരം ചുമത്താതെ സംസ്ഥാന സാമ്പത്തിക സ്ഥിതി എങ്ങനെ മെച്ചപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | മുൻവർഷത്തെ അപേക്ഷിച്ച് 2023-24 –ൽ റവന്യൂ കമ്മി ഗ്രാന്റ്, ചരക്ക് സേവന നികുതി നഷ്ടപരിഹാരം എന്നീ ഇനങ്ങളിൽ മാത്രം ഏകദേശം 16,000 കോടി രൂപയുടെ കുറവ് പ്രതീക്ഷിക്കുന്നുണ്ട്. കൂടാതെ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുത്ത വായ്പ ചൂണ്ടിക്കാട്ടി വായ്പാ പരിധിയിൽ 3140 കോടി രൂപയുടെ കുറവ് കേന്ദ്ര സർക്കാർ നേരത്തെ വരുത്തിയിട്ടുണ്ട്. ഇതിനെല്ലാമുപരിയായി പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് കണക്കാക്കിയുള്ള കടമെടുപ്പ് പരിധിയിലെ കുറവും നടപ്പ വർഷം പ്രതീക്ഷിക്കുന്നുണ്ട്. വരുമാനത്തിലും കടമെടുപ്പിലും പ്രതീക്ഷിക്കുന്ന മേൽ പ്രതിപാദിത ഇടിവ് സംസ്ഥാന സർക്കാരിന് ഏതെങ്കിലും ചെലവ് ചുരുക്കൽ / ഊർജ്ജിത നികുതി പിരിവ് / മറ്റ് നടപടികളിലൂടെ പരിഹരിക്കുവാൻ സാധിക്കുന്ന ഒന്നല്ല. ടി പശ്ചാത്തലത്തിൽ, സാമൂഹ്യ സുരക്ഷാ പെൻഷനുകളടക്കമുള്ള സാമൂഹ്യക്ഷേമ / വികസന ചെലവുകൾ ഒരു പരിധി വരെ ഭംഗം കൂടതെ നടത്തുന്നതിന് അധിക വിഭവ സമാഹരണം ഒഴിച്ചുകൂടാനാവാത്ത സാഹചര്യമാണ്. ഈയൊരു പശ്ചാത്തലത്തിലാണ് സർക്കാർ പരിമിതമായ തോതിലുള്ള അധിക വിഭവ സമാഹരണത്തിനുള്ള മാർഗ്ഗങ്ങൾ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. |
| (ബി) | വാറ്റ്, ജി.എസ്.റ്റി., സി.എസ്.റ്റി., ലക്ഷ്വറി ടാക്സ് എന്നിവയുടെ നിലവിലെ കുടിശിക പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിക്കുമോ; ഇതിനായി സംസ്ഥാന ജി.എസ്.റ്റി. വകുപ്പിൽ ഒരു പ്രത്യേക ടീമിനെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | വാറ്റ്, ജി.എസ്.റ്റി., സി.എസ്.റ്റി., ലക്ഷ്വറി ടാക്സ് എന്നിവയുടെ നിലവിലെ കുടിശിക പിരിച്ചെടുക്കുന്നതിന് ജി.എസ്.ടി. വകുപ്പ് കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നികുതി കുടിശ്ശിക തീർപ്പാക്കുന്നതിലേക്കായി കഴിഞ്ഞ വർഷങ്ങളിൽ നിലവിലുണ്ടായിരുന്ന ആംനെസ്റ്റി പദ്ധതി ഈ സാമ്പത്തിക വർഷത്തിലും (2022-23) തുടരുന്നുണ്ടായിരുന്നു. വകുപ്പ് തലത്തിലും തഹസിൽദാർ (ആർ.ആർ.) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക തീർപ്പാക്കൽ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്. ഇതു |

| | | | |
|---|---|---|---|
| | | | കൂടാതെ റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്ത് പുനഃസംഘടിപ്പിച്ച വകുപ്പ് സംവിധാനത്തിൽ ഓരോ ജില്ലയിലും കുടിശ്ശിക പിരിച്ചെടുക്കുന്നതിനു വേണ്ടി മാത്രമായി പ്രത്യേക ഉദ്യോഗസ്ഥ സംവിധാനത്തെ വിന്യസിച്ചിട്ടുണ്ട്. |
| (സി) | വിനോദ നികുതിയും പരസ്യ നികുതിയും ജി.എസ്.ടി.-യിൽ നിന്നും ഒഴിവാക്കി സംസ്ഥാന സർക്കാരുകളെ ഏൽപ്പിക്കുന്നതിന് ജി.എസ്.റ്റി. കൗൺസിലിൽ സമ്മർദ്ദം ചെലുത്തുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും അധികാരത്തിലുണ്ടായിരുന്ന വിവിധ പരോക്ഷ നികുതികളെ ഏകീകരിച്ചാണ് ജി.എസ്.ടി. സംവിധാനം നടപ്പിലാക്കിയത്. ജി.എസ്.ടി. –യിലുൾപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും നികുതി സംസ്ഥാനങ്ങൾക്കു മാത്രമായി ഒഴിവാക്കുവാൻ സാധിക്കുകയില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിക്കുന്ന വിനോദ നികുതി ജി.എസ്.ടി. –യിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ